## ഒന്നാം തുടക്കം

(p 15)[1] ബെഹ്ഹബാനപ്പെട്ട ഞങ്ങളുടെ പള്ളിപ്പുറത്തെ പാലയ്ക്കൽ തൊമ്മായെന്ന പെരു വിളിക്കപ്പെട്ട മല്പാനച്ചനൊടുകൂടെ പഠിച്ചതിൽ ഒരുത്തെൻ കുറയപ്പെട്ടവൻ ചാവറ കുറിയാക്കോസ കത്തനാര എഴുതിയതു.

എത്രയും പെ: ബ: ലഒപ്പൊല്ദ

എന്ന മൂപ്പച്ചന പുത്തൻ സന്യാസികളുടെ ഗുരുവും കൊമെന്തകർക്കു ഒക്കെയും വിഗാരി പ്രവിൻസിയാറ ആകുന്ന പെ: ബ: മെത്രാപ്പൊലീത്തച്ചൻെറ പെക്കുള്ള ദെലഗാദ ആയിട്ടും കല്പിച്ചു, ആദെഹം ഭരിച്ചു നടത്തി വരുമ്പോറ 1864 മകരം 12 നു- ഞാനും ഈ കൂനമ്മാവു കൊവെന്തയിൽ വന്ന പാർത്തിരിക്കയിൽ ഈ 12 നു- 8 മണിക്കു കൊംവെന്തയിൽ കൂടിയിരിക്കുന്നവരുടെയും മരിച്ചു പൊയവരുടെയും പെരും നാടും എടവക മുതലായ ചില വിവരങ്ങളും ചൊദിപ്പാനായിട്ടു എന്നെ ആദെഹത്തിൻെറ മുറിയിൽ വിളിച്ചു ചോദിച്ചപ്പോറ നമ്മുടെ കൊംവെന്തിന്റു അടിസ്ഥാനക്കാരനായ പെ: ബ: പള്ളിപ്രത്ത മല്പാനച്ചൻെറ പെരും വിവരവും ചൊദിച്ചപ്പോറ ഞാൻ അറിഞ്ഞിരിക്കുന്ന ചില (P. 82) വർത്തമാനങ്ങറ പറഞ്ഞപ്പൊറ നമ്മുടെ കാർണവൻ[1] ആയിരിക്കയാലും ആദെഹം ഏറിയ വെലകറ ഒക്കെയും ചെയ്തിരിക്കകൊണ്ടും പിൻവരുന്നവക്കു ഒരൊമ്മയുണ്ടാകുവാനായിട്ടു ഈയാളിൻെറ വർത്തമാനങ്ങറ അറിയുന്നതൊക്കെയും ഒന്നു എഴുതിക്കണെമെന്നും ആയതിന്നവെണ്ടിയ ഒത്താശകറ ഒക്കയും ഞാൻ ചെയ്യാമെന്നും പെ: ബ: മൂപ്പച്ചൻ കല്പിച്ചു. അപ്പൊറ തന്നെ കടലാസ എടുത്ത നമ്മുടെ പൈതങ്ങളിൽ ആനക്കല്ലുംകൽ മിനാട്ടൂർ മണുവെറ എന്ന കൊച്ചു ശമ്മാശിനെ കൊണ്ടു കടലാസും വരപ്പിച്ചു ഒരെഴുത്തുകാരനെയും തന്നുകൊള്ളാമെന്നു കല്പിച്ചതിനാൽ ഈ കാര്യം നിറവേററുവാൻ ഇനിക്കു ഇത്രയൊ കടമായിരിക്കുന്നു. അതെന്ത്യെ ഈ വർത്തമാനം കെട്ടതിനാൽ ആദെഹത്തിനെ ഒർപ്പാനും മററവരുടെ കണ്ടു പഠിത്തതിന്നും ഈ ദേഹത്തിൻെറ വർത്തമനാങ്ങളെ എഴുതി ഇടണമെന്നു. ആയതിന എന്നാൽ വെണ്ടുന്ന സഹായങ്ങളെ ചെയ്യാമെന്നു കല്പിച്ചപ്പോറ പൈതപ്രായം മുതൽ ആത്മത്തിന്നടുത്തതും ശരീരത്തിന്നടുത്തതുമായ രണ്ടു സങ്ങതികളിലും ആദെഹംതന്നെ അനെഷിച്ചു നടത്തി പടിപ്പിച്ചു വളർത്തി, ആദെഹത്തിൻെറ മരണം വരയും മാംസ

ചാവറ അച്ചൻ കൂനമ്മാവിൽ

പാലക്കലച്ചൻെറ ചരിത്രമെഴുതാൻ നിർദ്ദേശം

1. ചാവറ അച്ചൻെറ വൈദികവിദ്യാഭ്യാസത്തിൻെറ ചിലവു വഹിച്ചതു മുഴുവനും പാലയ്ക്കലച്ചനാണ്.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

christianmusicologicalsocietyofindia.com

